പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1239 02/03/2017-ൽ മറുപടിക്ക്

# സംരക്ഷിത അദ്ധ്യാപകർ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി. ഉണ്ണി: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ എണ്ണത്തിൽ സംഭവിച്ച കുറവ് നിമിത്തം തസ്തിക നഷ്ടപ്പെട്ട എത്ര അദ്ധ്യാപകർ സംരക്ഷിക്കപ്പെട്ടിട്ടുണ്ട്; സർക്കാർ എയ്ഡഡ് മേഖല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (എ) തസ്തിക നഷ്ടമായ 3,523 എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കും 85 അനദ്ധ്യാപകർക്കും നിലവിൽ സംരക്ഷണം നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളിൽ നിന്ന് സംരക്ഷിതാദ്ധ്യാപകരുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) പാലക്കാട് ജില്ലയിൽ എത്ര സംരക്ഷിത അദ്ധ്യാപകർ ഉണ്ട്; | (ബി) പാലക്കാട് ജില്ലയിൽ 458 സംരക്ഷിതാ-ദ്ധ്യാപകർ ഉണ്ട്. |
| (സി) ടി സംരക്ഷിത അദ്ധ്യാപകർക്കെല്ലാം നിയമനങ്ങൾ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എയ്ഡഡ്, സർക്കാർ മേഖലകളിൽ നൽകിയ നിയമനങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (സി) ഇവരിൽ എല്ലാവരെയും പുനർവിന്യസിച്ചി-ട്ടുണ്ട്. 392 അദ്ധ്യാപകരെ താൽക്കാലിക-മായി സർക്കാർ സ്കൂളുകളിലേക്കും 66 പേരെ എയ്ഡഡ് സ്കൂളുകളിലേക്കും പുനർവിന്യ-സിച്ചിരിക്കുകയാണ്. |
| (ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി പൊതുവിദ്യാലയങ്ങൾക്ക് ഏതെല്ലാം പദ്ധതികളിലൂടെ എന്തെല്ലാം സൗകര്യങ്ങൾ ആണ് സർക്കാർ ഒരുക്കി നല്കുന്നതെന്ന് വിശദീകരിക്കാമോ? | (ഡി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി മതനിരപേക്ഷ, ജനകീയസമീപനരീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി "പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം" എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ